# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1393 — 03.12.2015-ൽ മറുപടിയ്ക്ക്

## റോഡ് പരിഷ്ക്കരണം

**ചോദ്യം**

ശ്രീ. സി.എഫ്.തോമസ്
,, മോൻസ് ജോസഫ്
,, റ്റി.യു.കുരുവിള
,, തോമസ് ഉണ്ണിയാടൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡുകളുടെ നിലവാരം ഉയർത്തി റോഡ് പരിഷ്ക്കരണം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ;

(ബി) കൂടുതൽ ജില്ലാ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**മറുപടി**

ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

**(എ)&(ബി) :**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം KRFB മുഖേന നടപ്പാക്കുന്ന കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുള്ള ഭരണാനുമതി നൽകുകയുണ്ടായി. ഉന്നത ഗുണനിലവാരത്തിലുള്ള റോഡുകളാണ് ഈ പദ്ധതി പ്രകാരം രൂപകൽപന ചെയ്ത് വികസിപ്പിക്കുന്നത്. ഇതു കൂടാതെ,കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയപാതാ വിഭാഗത്തിൻ കീഴിൽ വരുന്ന ദേശീയപാതകളുടെ നവീകരണ പ്രവൃത്തികളും കേന്ദ്ര സർക്കാരിന്റെ സി.ആർ.എഫും പ്രയോജനപ്പെടുത്തി നവീകരിക്കുന്ന സംസ്ഥാന, ജില്ലാ റോഡുകളും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ നിബന്ധനകൾക്കും, മോർത്ത് സ്പെസിഫിക്കേഷനും അനുസരിച്ച് ഉയർന്ന നിലവാരത്തിലാണ് നടപ്പാക്കുന്നത്. മേൽ പ്രവൃത്തികളിലെല്ലാം തന്നെ സർഫസിംഗ് കോഴ്സായ ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നത് റബ്ബറൈസ്ഡ് ടാറിംഗ് ഉപയോഗിച്ചാണ്. നിരത്തുകളും പാലങ്ങളും , വിഭാഗത്തിൻ കീഴിൽ, ഈ സർക്കാർ നിലവിൽ വന്ന ശേഷം നാളിതുവരെ ഉദ്ദേശം 3669 കി.മീ. റോഡുകൾ ബി.എം. & ബി.സി.പ്രകാരം ഉപരിതലം നിലവാരം ഉയർത്തിയിട്ടുണ്ട്. കൂടുതൽ റോഡുകൾ നിലവാരം ഉയർത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നത് വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ ജില്ലാ റോഡുകളുടെ ഉപരിതലം ബി.എം. & ബി.സി. ചെയ്ത് ഉയർത്തി വരുന്നു. ഇതിനായി കൂടുതൽ റോഡുകൾ ഉൾപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ